**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 949** **24-02-2022 - ൽ മറുപടിയ്ക്ക്**

**പഴശ്ശി ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പഴശ്ശി ജലസേചന പദ്ധതിയുടെ കീഴിലുള്ള കനാലുകളിൽ വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലം സമീപ പ്രദേശങ്ങളിലെ കൃഷി നശിച്ചുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകളുടെ തകരാറും കനാലുകളുടെ ശോചനീയാവസ്ഥയും മെയിൻ കനാൽ തകർന്നതും മൂലം കൃഷിക്കാവശ്യമായ ജലസേചനം നടത്താൻ പറ്റാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. വിവിധ പദ്ധതികളിൽപ്പെടുത്തി 2018 മുതൽ കനാൽ പുനർനിർമ്മാണം നടന്നു വരുന്നുണ്ട്. മെയിൻ കനാൽ 5 കി.മീ വരെയുള്ള പ്രവൃത്തികൾ നടത്തി 2022 ജനുവരിയിൽ കനാൽ വഴിയുള്ള വെള്ളമൊഴുക്കിന്റെ ട്രയൽ റൺ നടത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്ക് അനുസൃതമായി തുടർന്നുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നു. |
| (ബി) | വെള്ളം ഇല്ലാതെ കാടുമൂടി കിടക്കുന്നതിനാൽ കനാലിൽ മാലിന്യങ്ങൾ തള്ളുന്നതുമൂലം ജനങ്ങൾക്ക് വളരെയധികം പ്രയാസമുണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ മാറ്റുന്നതിനും കാട് വെട്ടി വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ